# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 3568/25 തിയ്യതി : 20.06.2025

**ഹാജർ**

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

നാരായണ മേനോൻ
കോമരത്ത് ഹൗസ്
പഴയനടക്കാവ് പരാതിക്കാരൻ
റൗണ്ട് വെസ്റ്റ്
തൃശ്ശൂർ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : 13790 - B നാരായണ മേനോന്റെ പേരിലുള്ള കണക്ഷനിലെ 23/04/25 ലെ 513311 - ാം നമ്പർ ബില്ല് 28.04.2025 ന് UPI വഴി അടവാക്കി (UPI Transaction ID:511894498154) എന്നാൽ പേമെന്റ് അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല, ആയത് പരിഹരിക്കണമെന്നതാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

24.05.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. 17.06.2025 ന് ഫോറം ചേർന്ന് പരാതി പരിശോധിച്ചു.

**വിഷയത്തിൽ കമ്പ്യൂട്ടർ സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം കൺസ്യൂമർ നമ്പർ 13790 – B (25/1296/2) - ൽ നാരായണമേനോൻ സി.ജി.ആർ.എഫ്. വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതി പരിശോധിച്ചതിൽ, 28.04.2025 ൽ നടത്തിയ 6,102/- രൂപയുടെ ഓൺലൈൻ ട്രാൻസാക്ഷൻ ഫെയിൽഡ് സ്റ്റാറ്റസിൽ ആണ് കാണുന്നത്. ടി.സി.ഇ.ഡി. ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആവാത്ത ട്രാൻസാക്ഷൻസ് ആണ് ഫെയിൽഡ് സ്റ്റാറ്റസിൽ കാണുന്നത്. ആയതിനാൽ കൺസ്യൂമർ 28.04.2025 ന് ശേഷമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിക്കുകയോ, കൺസ്യൂമറിന്റെ ബാങ്കുമായി കോൺടാക്ട് ചെയ്യുകയോ ചെയ്യേണ്ടതാണെന്ന വസ്തുത അറിയിച്ചുകൊള്ളുന്നു.

**ഫോറത്തിൻെറ നിഗമനം :**

പരാതിക്കാരൻ 28.04.2025 ന് നടത്തിയ പണമിടപാട് വിജയിച്ചില്ല എന്നു കാണുന്നു.

**ഉത്തരവ് നടപടികൾ :**

പരാതിക്കാരൻ സൂചിപ്പിച്ച ബിൽ അടവാക്കുന്നതിനുളള പണമിടപാട് വിജയിക്കാത്തതിനാൽ ഈ വിവരം പരാതിക്കാരനെ 7 ദിവസത്തിനകം അറിയിക്കുന്നതിന് ലൈസൻസിക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

| | | |
|---|---|---|
| **അഡ്വ. അസിയ.പി.കെ**<br>മെമ്പർ | **വിനുകൃഷ്ണൻ.കെ**<br>മെമ്പർ | **ടി.എസ്. ജോസ്**<br>ചെയർപേഴ്സൺ |